കേരളകൗമുദി

kochi, june 5, 2013




**രണ്ടാമനല്ല, ഒന്നാമൻ...!**

കാക്കനാട് ഇൻഫോപാർക്കിൽ ബൈസിക്കിൾ ക്ലബ് ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സൈക്കിളിൽ. ബെന്നി ബെഹ്നാൻ എം.എൽ.എ സമീപം.

ഫോട്ടോ: എൻ.ആർ. സുധർമ്മദാസ്

# ഇൻഫോപാർക്കിൽ സൈക്കിൾ ക്ലബ്

കൊച്ചി: ഇൻഫോപാർക്ക് ക്യാമ്പസിന്റെ ഹരിതസ്വഭാവം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച സൈക്കിൾ ക്ലബ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സൈക്കിൾ സവാരി നടത്തി ഉദ്ഘാടനം ചെയ്തു. ക്യാമ്പസിനകത്ത് മോട്ടോർ വാഹനങ്ങൾ ഒഴിവാക്കി ഐ.ടി. ജീവനക്കാർ സൈക്കിൾ സവാരി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയാണ് ക്ലബിന്റെ പ്രവർത്തനലക്ഷ്യം.

ഇൻഫോപാർക്ക് സി.ഇ.ഒ ജിജോ ജോസഫ് ചടങ്ങിൽ പങ്കെടുത്തു. വിപ്രോ, എച്ച്.ഡി.എഫ്.സി ബാങ്ക്, ഫ്രാഗോമെൻ, ലിറ്റ്മസ് 7, യു.വി. ടെക്നോളജീസ് തുടങ്ങിയ കമ്പനികളാണ് ക്ലബിനായി 50 സൈക്കിളുകൾ വാങ്ങിയതും ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും. ക്യാമ്പസിലെ എട്ട് വിവിധ സ്ഥലങ്ങളിൽ സൈക്കിളുകൾ എപ്പോഴും പാർക്ക് ചെയ്തിരിക്കും. സൈക്കിൾ ക്ലബിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ₹2 നൽകി ഒരു മണിക്കൂർ നേരത്തേക്ക് ക്യാമ്പസിൽ സൈക്കിൾ ഉപയോഗിക്കാം.